**DE-07/2024/112** (Pages : 8)

Maximum : 100 marks

Time : 2 hours

I. അനുയോജ്യമായ പദം തെരഞ്ഞെടുത്ത് വാക്യം പൂർത്തികരിക്കുക. 1 മാർക്ക് വീതം.

1. സ്വാതന്ത്ര്യത്തിന്റെ വിപരീതമാണ്

(A) അസ്വാതന്ത്ര്യം
(B) ദു:സ്വാതന്ത്ര്യം
(C) പാരതന്ത്ര്യം
(D) നിസ്വാതന്ത്ര്യം

2. മകളുടെ ഭർത്താവ് എന്ന അർത്ഥം വരുന്ന പദം

(A) ജാമാതാവ്
(B) ശ്വശുരൻ
(C) ശ്വശ്രു
(D) ഭർതൃമതി

3. വാദത്തെ യുക്തികൊണ്ട് നിരസിക്കുന്നതിനെ ———— എന്ന് പറയുന്നു.

(A) വിമർശിക്കുക
(B) നിരസിക്കുക
(C) നിരൂപിക്കുക
(D) ഖണ്ഡിക്കുക

4. ———— ആയ പ്രതിഭാശാലികൾക്ക് കാലദേശാതിർത്തികൾ ബാധകമല്ല.

(A) ഉത്തിഷ്ഠരായ
(B) ഉന്മത്തരായ
(C) ഉത്കൃഷ്ടരായ
(D) അപകൃഷ്ടരായ

5. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ———— ആയ നടപടികളാണ് വേണ്ടത്.

(A) ക്രമാതീതമായ
(B) ക്രിയാത്മകമായ
(C) കൃയാത്മകമായ
(D) ക്രിയാലോലുപമായ

6. വിചക്ഷണൻ എന്ന വാക്കിന്റെ അർത്ഥമാകുന്ന പദം

(A) ആഗ്രഹമുള്ളവൻ
(B) സമർത്ഥൻ
(C) വേണ്ടപ്പെട്ടവൻ
(D) അറിവില്ലാത്തവൻ

7. 'നെടിയമലകിഴക്കും നേരെഴാത്താഴിമേക്കും
വടിവിലെലുകയായിത്തഞ്ചിടും വഞ്ചിനാടേ' ഇതിൽ എലുക എന്നാൽ

(A) തങ്ങുക
(B) ഭംഗി
(C) അതിർത്തി
(D) ആകൃതി

[P.T.O.]

8. ________ കൂടാതെ ആതുരസേവനം നടത്തുന്ന ആരോഗ്യപ്രവർത്തകരെയാണ് നാടിന് ആവശ്യം.

(A) സ്കാനിങ്ങ്
(B) മരുന്നുകൾ
(C) ധനേച്ഛ
(D) പരിശോധനകൾ

9. മറ്റൊരു വസ്തുവുമായി ലയിച്ചു ചേരൽ ഒറ്റപ്പദമാക്കിയാൽ സൂചിപ്പിക്കുന്ന പദം ________ ആണ്.

(A) ഭൂലേയം
(B) തന്മയീഭാവം
(C) പ്രാലേയം
(D) ഇവയൊന്നും അല്ല

10. മുടിയേറ്റ് ഒരു ________ കലാരൂപമാണ്.

(A) ആനുഷംഗികം
(B) അനുഷ്ഠാനം
(C) അനിഷ്ഠാനം
(D) വിനോദം

**(10 × 1 = 10 Marks)**

II. ചുവടെ തന്നിരിക്കുന്ന പദങ്ങളിൽ ശരിയായ രൂപം കണ്ടെത്തി എഴുതുക. 1 മാർക്ക് വീതം :

11. (A) നിർച്ചരി (B) നിർഝരി (C) നിർഛരി (D) നിർച്ഛരി

12. (A) നിഘണ്ടു (B) നിഖണ്ടു (C) നിഘണ്ഡു (D) നിഖണ്ഡു

13. (A) അദിഥി (B) അഥിദി (C) അഥിതി (D) അതിഥി

14. (A) ദുഗ്ഥം (B) ദുഗ്ദ്ധം (C) ദുക്ദ്ധം (D) ദുക്ധം

15. (A) ഗൂഢം (B) ഗൂഡം (C) ഗൂടം (D) ഗൂഠം

16. (A) കനിഷ്ഠൻ (B) കനിഷ്‌ഠൻ (C) കനിഷ്ട്ടൻ (D) കനിക്ഷ്ഠൻ

17. (A) ഭിക്ഷുഗരൻ (B) ഭിഷുഗ്വരൻ (C) ഭിക്ഷുഗ്വരൻ (D) ഭിഷഗ്വരൻ

18. (A) ഝടിതി (B) ജടിതി (C) ഝടുതി (D) ജടുതി

19. (A) പരിണതഫലം (B) പരിണിതഫലം (C) പരിണതിഫലം (D) പരിണിതിഫലം

20. (A) കാനേക്ഷുമാരി (B) ഖാനേക്ഷുമാരി (C) കാനേഷുമാരി (D) കനേക്ഷുമാരി

**(10 × 1 = 10 Marks)**

III. ചുവടെ തന്നിരിക്കുന്ന വാക്കുകളിലെ വിട്ടുപോയ അക്ഷരം തെരഞ്ഞെടുത്ത് പൂരിപ്പിക്കുക. **1** മാർക്ക് വീതം :

21. ജ — യു

(A) ടാ (B) ഡാ (C) ഢാ (D) ഠാ

22. കൃത — നത

(A) ക് (B) ഖ് (C) ഗ് (D) ഘ്

23. ഉ — ഘാടനം

(A) ത്ത് (B) ത് (C) ദ് (D) ല്

24. വികസനോ — ഖം

(A) ത്മു (B) ന്മു (C) ൽമു (D) മു

25. മാർക്ക — യൻ

(A) ണ്ടേ (B) ണ്ഡേ (C) ഠേ (D) ഢേ

26. ആപാദചൂ —

(A) ഢം (B) ടം (C) ഠം (D) ഡം

27. സനാതന — ർമ്മം

(A) ത (B) ഥ (C) ദ (D) ധ

28. വിദ്യു — ക്തി

(A) ശ്ച (B) ച്ഛ (C) ഛ (D) ച്ച

29. വിജി — ഷു

(A) ഗീ (B) ങ്കീ (C) കീ (D) ഖീ

30. വനജ്യോ — ന

(A) ദ്സ് (B) ല്സ് (C) ത്സ് (D) ൽസ്

**(10 × 1 = 10 Marks)**

IV. ചുവടെ ചേർത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 മാർക്ക് വീതം :

മലയാളഭാഷയ്ക്കും സാഹിത്യത്തിനും ഗണ്യമായ സംഭാവനകൾ നൽകിയ കുഞ്ചൻ നമ്പ്യാർ തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് കൂടിയാണ്. പുരാണ കഥകളെ അസംസ്കൃത വസ്തുവായി സ്വീകരിച്ച് സമകാലിക സംഭവങ്ങൾക്ക് പുതിയ മാനങ്ങൾ ചമയ്ക്കുന്ന മോഹനവിദ്യയായിരുന്നു നമ്പ്യാർകവിത. വ്യാസഭാരതത്തിൽ നിന്നു സ്വീകരിച്ച സഭാപ്രവേശം എന്ന പ്രമേയം പറയൻതുള്ളലായിട്ടാണ് നമ്പ്യാർ പുനരാവിഷ്കരിച്ചത്. ഖാണ്ഡവവനം ദഹിപ്പിക്കുന്നതിന് അർജ്ജുനൻ അഗ്നിയെ സഹായിച്ചു. ഖാണ്ഡവദഹനത്തിനിടയിൽ അർജ്ജുനൻ അസുരശില്പിയായ മയന്റെ ജീവൻ രക്ഷിച്ചു. ജീവരക്ഷയ്ക്ക് പ്രത്യുപകാരമായി ശ്രീകൃഷ്ണന്റെ നിർദ്ദേശപ്രകാരം പാണ്ഡവർക്കായി മയൻ മറ്റാർക്കും നിർമ്മിക്കാനാവാത്തത്രയും സുന്ദരവും ആശ്ചര്യജനകവുമായ ഒരു മന്ദിരം ഇന്ദ്രപ്രസ്ഥത്തിൽ നിർമ്മിച്ചു. സ്ഫടികം പോലെ വെട്ടിത്തിളങ്ങുന്ന തറപ്പടവുകളോടുകൂടിയ ഈ സഭയിൽ കയറിയാൽ പരിചയമില്ലാത്തവർക്ക് സ്ഥലജലഭ്രമം പിടിപെടും. വെറും പതിനാലുമാസം കൊണ്ടാണ് ഈ സഭാനിർമ്മിതി പൂർത്തിയാക്കിയത്.

ദുര്യോധനനും സഹോദരന്മാരും ഒരുമിച്ചാണ് ചിത്രപ്പുരയിലേയ്ക്ക് പ്രവേശിച്ചത്. ദിവ്യസഭയിലെത്തിയ സുയോധനന് വെള്ളസ്ഫടികം വിരിച്ചിടങ്ങളിലെല്ലാം വെള്ളം ഉണ്ടെന്ന് സംശയം തോന്നി. രത്നം പാകി മനോഹരമാക്കിയിരുന്ന ആ ഇടങ്ങൾ തള്ളിയാർക്കുന്ന ഒരു ജലപ്രവാഹത്തിന്റെ മായക്കാഴ്ചയാണ് സുയോധനന് നൽകിയത്. പട്ടുവസ്ത്രങ്ങൾ ഉരച്ചു കയറ്റി, പാദങ്ങൾകൊണ്ട് മെല്ലെ തപ്പിത്തപ്പി, നീരൊഴുക്കിനെ മുറിച്ചു കടക്കാനുള്ള ഒരുക്കത്തോടെ സുയോധനൻ അപഹാസ്യനായി നടന്നു. അനുജന്മാർക്കും ഈ അവസ്ഥയുണ്ടായി. പച്ചരത്ന നിർമ്മിതമായ ജലാശയസ്ഥലമെന്ന് തിരിച്ചറിയാൻ കഴിയാതെ കുതിച്ചു ചാടിയ സുയോധനൻ പൊങ്ങിയും മുങ്ങിയും വെള്ളത്തിൽ ഒഴുകി നടന്നു. സുയോധനന്റെ ദുർഗതി കണ്ട വൃകോദരൻ കൈകൊട്ടി പൊട്ടിച്ചിരിച്ചു. പാഞ്ചാലി മുഖം പൊത്തിച്ചിരിച്ചു. കടുത്ത പരിഹാസത്തിന് പാത്രമായി മാറിയ സുയോധനന്റെ ഉള്ളിൽ വിദ്വേഷത്തിന്റെ തീക്കനൽ എരിഞ്ഞു. മരണത്തേക്കാൾ സങ്കടകരമാണ് ആ പരിഹാസമെന്ന ചിന്ത നമ്പ്യാർ ഇവിടെ അവതരിപ്പിക്കുന്നു. മേൽച്ചൊന്ന രണ്ടു ചിരികൾ മഹാഭാരതയുദ്ധത്തിനുപോലും കാരണമായിരുന്നു എന്ന് നിരീക്ഷിക്കുന്നവരുണ്ട്.

31. തുള്ളൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര്?

(A) കുഞ്ചൻ നമ്പ്യാർ
(B) എഴുത്തച്ഛൻ
(C) വ്യാസൻ
(D) ചെറുശ്ശേരി

32. സഭാപ്രവേശം തുള്ളൽ ഏത് വിഭാഗത്തിൽ പെടുന്നു?

(A) ഓട്ടൻതുള്ളൽ
(B) ശീതങ്കൻതുള്ളൽ
(C) പറയൻതുള്ളൽ
(D) തുമ്പിതുള്ളൽ

33. ഖാണ്ഡവവനം ദഹിപ്പിക്കുന്നതിന് അഗ്നിയെ സഹായിച്ചതാര്?

(A) ദുര്യോധനൻ (B) മയൻ

(C) വൃകോദരൻ (D) അർജ്ജുനൻ

34. പാണ്ഡവർക്കായി ഇന്ദ്രപ്രസ്ഥത്തിൽ പുതിയ മന്ദിരം നിർമ്മിച്ചു നൽകിയതാര്?

(A) മയൻ (B) ശ്രീകൃഷ്ണൻ

(C) അഗ്നി (D) ഇവരാരുമല്ല

35. ദുര്യോധനൻ ആർക്കൊപ്പമാണ് ചിത്രപ്പുരയിൽ പ്രവേശിച്ചത്?

(A) ദുശ്ശാസനനോടൊപ്പം (B) സുഹൃത്തുക്കളോടൊപ്പം

(C) സഹോദരങ്ങളോടൊപ്പം (D) ശ്രീകൃഷ്ണനോടൊപ്പം

36. ഇന്ദ്രപ്രസ്ഥത്തിലെ പുതിയ സഭ നിർമ്മിക്കുന്നതിന് എത്ര കാലം വേണ്ടിവന്നു?

(A) 10 മാസം (B) 10 വർഷം

(C) 14 മാസം (D) 14 വർഷം

37. സുയോധനന്റെ ദുർഗ്ഗതികണ്ട് കൈകൊട്ടി പൊട്ടിച്ചിരിച്ചതാര്?

(A) വൃകോദരൻ (B) പാഞ്ചാലി

(C) ധർമ്മപുത്രർ (D) അർജ്ജുനൻ

38. തുള്ളിയാർക്കുന്ന ജലപ്രവാഹത്തിന്റെ മായക്കാഴ്ചകൾ നൽകിയത് ഏത് പ്രദേശമാണ്?

(A) ഖാണ്ഡവവനം (B) പച്ചരത്നനിർമ്മിതമായ ഇടങ്ങൾ

(C) രത്നം പാകി മനോഹരമാക്കിയ ഇടങ്ങൾ (D) ഹസ്തിനപുരി

39. സഭാപ്രവേശം തുള്ളലിന് ഇതിവൃത്തം സ്വീകരിച്ചത്

(A) മഹാഭാഗവതത്തിൽ നിന്ന് (B) വ്യാസഭാരതത്തിൽ നിന്ന്

(C) രാമായണത്തിൽ നിന്ന് (D) ഇവയിലൊന്നിൽ നിന്നും അല്ല

40. മഹാഭാരത യുദ്ധത്തിനുപോലും കാരണമെന്ന് വിവക്ഷിക്കുന്ന ചിരികൾ ആരുടെയൊക്കെയാണ്?

(A) ശ്രീകൃഷ്ണന്റേയും ധർമ്മപുത്രരുടെയും

(B) അർജ്ജുനന്റേയും പാഞ്ചാലിയുടേയും

(C) വൃകോദരന്റേയും പാഞ്ചാലിയുടേയും

(D) ധർമ്മപുത്രരുടേയും പാഞ്ചാലിയുടേയും

**(10 × 1 = 10 Marks)**

V. ആശയം വ്യക്തമാക്കുക. 2 മാർക്ക് വീതം :

41. 'ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ'

42. 'നമുക്ക് നാമേ പണിവതു നാകം
നരകവുമതുപോലെ'

43. 'ആയിരം മണിയുടെ നാവടക്കീടാമൊറ്റ
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ'

44. 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്കനീ'

45. 'ശരിയായ് മധുരിച്ചിടാം പരിശീലിപ്പൊരു
കയ്പുതാനുമേ'

**(5 × 2 = 10 Marks)**

VI. ചുവടെ ചേർത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ആശയം ചോർന്നു പോകാതെ മൂന്നിലൊന്നായി സംഗ്രഹിക്കുക :

46. സാമൂഹിക വികസന സൂചികയിൽ അസൂയാവഹമായ നേട്ടങ്ങളാണ് കേരളത്തിനുള്ളത്. സമ്പൂർണ്ണ സാക്ഷരത, കുറഞ്ഞ ശിശുമരണനിരക്ക്, കൂടിയ ആയുർദൈർഘ്യം തുടങ്ങി മനുഷ്യവികസന സൂചികയിൽ കേരളം വികസിത രാജ്യങ്ങൾക്കൊപ്പമാണ്. സമ്പൂർണ്ണ സാക്ഷരത നേടിയ കേരളത്തിലെ ജനങ്ങൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും കുട്ടികൾക്ക് പരമാവധി വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ രംഗത്ത് അത്ഭുതാവഹമായ മുന്നേറ്റമാണ് കേരളം കൈവരിച്ചിട്ടുള്ളത്. വിദ്യാഭ്യാസം നേടുന്ന സ്ത്രീകളുടെ കാര്യത്തിലും നാം ഏറെ മുന്നിലാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രവേശനം നേടുന്ന പെൺകുട്ടികളുടെ ദേശീയ ശരാശരി 48.64% ആയിരിക്കുമ്പോൾ കേരളത്തിൽ 71.36% ആണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവേശനം നേടുന്ന സ്ത്രീപുരുഷ അനുപാതം ഏകദേശം തുല്യമായതുകൊണ്ട് ജെൻഡർ ഗ്യാപ്പില്ല എന്നതും ശ്രദ്ധേയമാണ്. എന്നാൽ വിദ്യാഭ്യാസം നേടുമ്പോൾ തന്നെ ഈ അത്ഭുതം ഉന്നത വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് പെൺകുട്ടികളെ കൊണ്ടെത്തിക്കുന്നില്ല എന്നതാണ് വിരോധാഭാസം.

71% സ്ത്രീകൾ ഉന്നത വിദ്യാഭ്യാസം നേടിയിട്ടും തൊഴിൽ പങ്കാളിത്തത്തിൽ ഇവരുടെ പ്രാതിനിധ്യം ഏറെ പിന്നിലാണ്. വെറും 24.8% മാത്രമാണ് സ്ത്രീകളുടെ കേരളത്തിലെ തൊഴിൽ പങ്കാളിത്തം. സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക, സാംസ്കാരിക പ്രാതിനിധ്യത്തിന്റെ കാര്യത്തിലും സ്ത്രീ ഏറെ പിന്നിലാണ്. വിദ്യാഭ്യാസം കേവലം അറിവു നേടൽ പ്രക്രിയ മാത്രമല്ല, മറിച്ച്, സമസ്ത മേഖലയിലും പുരോഗതിയുണ്ടാക്കാൻ പ്രാപ്തമായതാകണം. അറിവും നൈപുണ്യവും നേടുക മാത്രമല്ല ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ജ്ഞാനം മാനവവിഭവശേഷിയിലേക്കുയർത്തി ദേശീയവികസനത്തിന് സംഭാവന ചെയ്യുക എന്നതുകൂടിയാണ്. പക്ഷേ കേരളത്തിലെ പെൺകുട്ടികളിൽ എന്തുകൊണ്ട് വിദ്യാഭ്യാസം കേവലം അറിവിലേക്ക് മാത്രമായി ഒതുങ്ങുന്നു എന്ന് ചർച്ച ചെയ്യേണ്ടതാണ്. ഇന്നും ചട്ടപ്പടി ആണധികാര വ്യവസ്ഥയിൽ ഊന്നിയാണ് കലാലയങ്ങളുടെ പ്രവർത്തനം. കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ 70% വും പെൺകുട്ടികളാണ് പ്രവേശനം നേടുന്നത്. (സാങ്കേതിക വിദ്യാഭ്യാസത്തിൽ 71% ആൺകുട്ടികളും 29% പെൺകുട്ടികളുമാണെന്ന വൈരുദ്ധ്യവുമുണ്ട്) എന്നാൽ യൂണിയൻ തെരഞ്ഞെടുപ്പിലും മറ്റു ഭാരവാഹി തെരഞ്ഞെടുപ്പിലും സംവരണ സീറ്റുകളിലേക്കു മാത്രമായി പെൺകുട്ടികൾ ഒതുങ്ങിപ്പോകുന്നു. അപൂർവ്വമായി ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട് - ഇല്ലെന്നല്ല.

70% പെൺകുട്ടികളെ ഭരിക്കുന്നത് 30% വരുന്ന ആൺകുട്ടികളാണ് എന്നത് ഒരു ദുഃഖസത്യം മാത്രമാണ്. കേരളത്തിലെ 52% സ്ത്രീകളെ ഭരിക്കാൻ എത്ര സ്ത്രീകൾ നിയമസഭയിലും ലോകസഭയിലുമുണ്ട് എന്നതും ഇവിടെ കൂട്ടി വായിക്കാം. നിയമ നിർമ്മാണ രംഗത്തേക്കെത്തുന്ന സ്ത്രീകളുടെ പ്രാതിനിധ്യം കുറയുന്നതും ചിന്തനീയമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് സംവരണം ലഭിച്ചതോടെ അവർ ഭരണ രംഗത്ത് മികവ് കാഴ്ചവയ്ക്കുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. എല്ലാ രംഗത്തും സ്ത്രീകൾ കടന്നു വന്നുവെങ്കിൽ മാത്രമേ ആരോഗ്യപരമായ സമൂഹമുണ്ടാവൂ. കേരളാ മോഡൽ ശ്ലാഘിക്കപ്പെടുമ്പോഴും സ്ത്രീ, ലിംഗനീതി തുടങ്ങിയ വിഷയങ്ങളിലെത്തുമ്പോൾ നാം പിന്നോട്ടു പോകുന്നതിന്റെ കാരണങ്ങളിലൊന്ന് പൊതുവിടത്തിൽ സ്ത്രീയുടെ സാന്നിദ്ധ്യമില്ലാത്തതാണ്.

ആരുടേയോ മകൾ, ഭാര്യ, എന്നതിനപ്പുറം സ്വന്തം വ്യക്തിത്വമുണ്ടെന്നും താൻ സമൂഹത്തിന്റെ രാഷ്ട്രത്തിന്റെ ഭാഗമാണെന്നും പല പെൺകുട്ടികൾക്കും ബോധ്യപ്പെടുന്നില്ല. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക കാഴ്ചപ്പാടുള്ള വ്യക്തികളായി പെൺകുട്ടികളെ രൂപകല്പന ചെയ്യാൻ ക്യാമ്പസുകൾക്കാവുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഒരു സെമസ്റ്റർ കാലാത്തിനുള്ളിൽ ശരിക്കു തീർക്കാൻ പറ്റാത്ത വിധത്തിൽ രൂപകല്പന ചെയ്തിരിക്കുന്നു. പാഠ്യപദ്ധതിക്കപ്പുറത്തേക്കു പോകാൻ പലർക്കും സാദ്ധ്യമല്ലാതെവരുന്നു.

**(10 Marks)**

VII. ഉപന്യാസം തയ്യാറാക്കുക :

47. നവമാധ്യമങ്ങളുടെ ശക്തിയും സാധ്യതകളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം രചിക്കുക.

**(10 Marks)**

VIII. ചുവടെ തന്നിട്ടുള്ള കഥാസന്ദർഭത്തിന്റെ രൂപരേഖ വികസിപ്പിച്ച് ഒരു കഥാരചന പൂർത്തീകരിക്കുക :

48. കൊടുന്തണുപ്പ് — വിറയ്ക്കുന്ന കുരങ്ങന്മാർ — തീയന്വേഷിച്ചൊരുത്തൻ — മിന്നാമിനുങ്ങിനെ തീയെന്നുകരുതിപ്പിടിച്ചു — കൂട്ടുകാരുടെ അടുത്തെത്തി — ഊതിപ്പിടിപ്പിക്കുവാൻ ശ്രമിച്ചു — സൂചീമുഖനെന്ന പക്ഷി — സത്യം പറഞ്ഞു — കുരങ്ങൻമാർക്ക് ദേഷ്യം — പക്ഷിയെ പിടിച്ചു പാറയിലടിച്ചുകൊന്നു.

**(10 Marks)**

IX. കത്ത് തയ്യാറാക്കുക :

49. നിങ്ങളുടെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പ്ലാസ്റ്റിക് മാലിന്യം കത്തിച്ച് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതായി കാണുന്നു. ഇത്തരം പ്രവർത്തികൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പഞ്ചായത്ത് സെക്രട്ടറിക്ക് ഒരു കത്ത് തയ്യാറാക്കുക.

**(10 Marks)**

X. സംഭാഷണം തയ്യാറാക്കുക :

50. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ വരുത്തുന്ന വിപത്തുകൾ എന്ന വിഷയത്തെ ആസ്പദമാക്കി രണ്ട് സുഹൃത്തുക്കൾ തമ്മിലുള്ള സംഭാഷണം തയ്യാറാക്കുക.

**(10 Marks)**

---